നം കെ.5 /8053/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി 07.03.2017

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് – പദ്ധതിതര ചെലവ് സംബന്ധിച്ച വിവരങ്ങൾ - സംബന്ധിച്ച്

* * *

മാസം തോറുമുള്ള പദ്ധതിതര ചെലവ് (Non Plan Expenditure) ഈ കാര്യാലയത്തിൽ ലഭിക്കാത്തതിനാൽ ബഡ്ജറ്റ് എസ്റ്റിമേറ്റ്, സറണ്ടർ സ്റ്റേറ്റ്മെന്റ് എന്നിവ തയ്യാറാക്കുന്നതിനും, വിവരാവകാശ നിയമ പ്രകാരമുള്ള ചോദ്യങ്ങൾ നിയമ സഭാ ചോദ്യങ്ങൾ എന്നിവയ്ക്ക് മറുപടി നൽകുന്നതിനും ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്.

ആയതിനാൽ ഡയറക്ടറേറ്റിലെ ജെ സെക്ഷനും, സ്കോളർഷിപ്പ് സെക്ഷനും, എല്ലാ ഉപകാര്യാലയങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃകയിൽ പദ്ധതിതര ചെലവ് രജിസ്റ്റർ തയ്യാറാക്കി സൂചിപ്പിക്കേണ്ടതും, ക്ലാർക്ക്, സൂപ്പർ വൈസറി ഓഫീസർ, സ്ഥാപനമേധാവി എന്നിവർ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.

ഓരോ മാസത്തേയും പദ്ധതിതര ചെലവ് ട്രഷറി റിക്കൺസിലിയേഷൻ നടത്തി, എല്ലാ മാസവും ഇരുപതാം തിയതിക്കകം തപാൽ മാർഗ്ഗം / ഇ-മെയിൽ (dcebudget@gmail.com) അയച്ചു തരേണ്ടതാണ്. പദ്ധതിതര ശീർഷകത്തിൽ തുകയ്ക്ക് അപേക്ഷിക്കുമ്പോൾ ടി രജിസ്റ്ററിന്റെ പകർപ്പ് ഉള്ളടക്കം ചെയ്താലെ പദ്ധതിതര ശീർഷകത്തിൽ ഇനി മുതൽ അലോട്ട്മെന്റ് അനുവദിക്കുകയുള്ളൂ. അല്ലാത്ത പക്ഷം സ്ഥാപന മേധാവി വിശദീകരണം നൽകേണ്ടതാണ്.

ഉപകാര്യാലയങ്ങൾ സറണ്ടർ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുമ്പോൾ ശമ്പള ശീർഷകത്തിലെ തുകകൾ രേഖപ്പെടുത്താതിനാൽ സറണ്ടർ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ആയതിനാൽ പദ്ധതിതര ചെലവ് രജിസ്റ്ററിൽ ഗസറ്റഡ്, നോൺ ഗസറ്റഡ് ജീവനക്കാരുടെ ശമ്പള ശീർഷകത്തിലെ തുകകൾ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. ഗസറ്റഡ് ജീവനക്കാർ ശമ്പള രജിസ്റ്ററിൽ നിർബന്ധമായും ശമ്പള വിവരങ്ങൾ രേഖപ്പെടുത്തുവാൻ സ്ഥാപനമേധാവികൾ നിർദ്ദേശം നൽകേണ്ടതുമാണ്. 2016-17 സാമ്പത്തിക വർഷത്തിലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റും 31.03.2017-നു മുമ്പായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം അലോട്ട്മെന്റ് അനുവദിക്കുന്നതല്ല.

ഒപ്പ്/-
കുമാർ.സി.പിള്ള
സീനിയർ ഫൈനാൻസ് ഓഫീസർ

പകർപ്പ്:-

1. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപമേധാവി, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
2. എല്ലാ സർക്കാർ ആർട്സ് & സയൻസ് കോളേജ് / സർക്കാർ ട്രെയിനിംഗ് കോളേജ് / സർക്കാർ സംഗീത കോളേജ് / സംസ്കൃത കോളേജ് പ്രിൻസിപ്പൽമാർക്കും/ ഹോസ്റ്റൽ വാർഡന്മാർക്കും / ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് പ്രിൻസിപ്പാൾമാർക്കും
3. അക്കൌണ്ട്സ് 'ജെ' സെക്ഷൻ
4. സ്കോളർഷിപ്പ് 'ആർ' സെക്ഷൻ
5. നടപ്പ് ഫയൽ / കരുതൽ ഫയൽ

/അംഗീകാരത്തോടെ/

സൂപ്രണ്ട്

J073118
പി.ബി.09.03.2017
GOVERNMENT OF KERALA